പട്ടാളം ഒഴിഞ്ഞുപോകണമെന്ന് അമേരിക്ക ആവശ്യപ്പെടുന്നു. അതേസമയം, തങ്ങളുടെ അതിർത്തിയിലുള്ള, തങ്ങളോടു സൗഹാർദ്ദം പുലർത്തുന്ന, അഫ്ഗാനിസ്ഥാനിലേക്ക് പാകിസ്ഥാനിലൂടെ ആയുധങ്ങളേന്തിയ അട്ടിമറിക്കാരെ അമേരിക്ക അയയ്ക്കുന്നത് നിർത്തിവെച്ചു എന്ന് ഉറപ്പായാൽ ഉടൻ അഫ്ഗാനിസ്ഥാനിൽനിന്നു തങ്ങളുടെ പട്ടാളങ്ങളെ പിൻവലിക്കുമെന്ന് റഷ്യയും പറയുന്നു. ഇത്തരം സംഘർഷമേഖലകൾ വേറെയുമുണ്ട്.

അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിലുള്ള സാംസ്കാരിക സമ്പർക്കം വിപുലമാക്കുന്നതെങ്ങനെ എന്നതായിരുന്നു ജനീവ 'ശിഖര'ത്തിലെ ഒരു സംഭാഷണവിഷയം.

റെയ്ഗന്റെ 'നക്ഷത്രയുദ്ധ' നിർബ്ബന്ധം കാരണം ജനീവ 'ശിഖരം' നടക്കാതെപോയേക്കാമെന്ന് ആശങ്കയുണ്ടായിരുന്നു. ചർച്ചകൾ തുടങ്ങിയാൽത്തന്നെ, ഇടയ്ക്കുവെച്ച് നേതാക്കൾ തെറ്റിപ്പിരിയാനുള്ള സാദ്ധ്യതകൾ കുറവായിരുന്നില്ല. ഉടനെയുണ്ടായ ഫലം എത്ര അഗണ്യമായാലും, പ്രതീക്ഷയുടേതായ സ്വരം ഉയർത്തിക്കൊണ്ട് 'ശിഖരം' അവസാനിച്ചത് ലോകത്തിലെങ്ങുമുള്ള സമാധാനകാംക്ഷികൾക്ക് ആശ്വാസം പകർന്നിട്ടുണ്ട്. തമ്മിൽത്തമ്മിലുള്ള ഒരായുധപ്പന്തയത്തിൽ ഒന്നാംസ്ഥാനത്തെത്തുക എന്ന ലക്ഷ്യം രണ്ടു രാജ്യങ്ങൾക്കുമില്ല എന്നു പ്രഖ്യാപിക്കപ്പെട്ടതാകട്ടെ, മനുഷ്യവർഗത്തിന്റെ ഭാവിയിൽ ആശയ്ക്കു വക നൽകുകയും ചെയ്യുന്നു.

22–11–1985

# 4. അസാറ്റ്

വാർത്താവിനിമയം, കാലാവസ്ഥാപഠനം, ചാരപ്രവർത്തനം മുതലായ ഉദ്ദേശ്യങ്ങൾ മുൻനിർത്തി പല രാജ്യക്കാർ വിക്ഷേപിച്ച എത്രയോ കൃത്രിമ ഉപഗ്രഹങ്ങൾ (സാറ്റലൈറ്റുകൾ) ഇപ്പോൾ അന്തരീക്ഷത്തിൽ, ഭൂമിക്കു ചുറ്റും, നാനൂറോ അഞ്ഞൂറോ കിലോമീറ്റർ ഉയരത്തിൽ, സ്ഥിരപഥങ്ങളിൽ ഭ്രമണംചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അന്തരീക്ഷത്തിന്റെ അനന്തശൂന്യവിസ്തൃതിയിൽ, താരതമ്യേന ചെറുതായ ഈ വസ്തുക്കളെ തിരഞ്ഞു കണ്ടെത്തുകയെന്നത് വയ്ക്കോൽക്കൂട്ടത്തിൽ വീണ കൊച്ചുസൂചി വീണ്ടെടുക്കുന്നതിനേക്കാൾ പ്രയാസമേറിയ കാര്യമാകുന്നു.

നാനൂറ്ററുപത്തിനാലു കിലോമീറ്റർ ഉയരത്തിൽ ശാന്തസമുദ്രത്തിനു മുകളിലൂടെ പോവുകയായിരുന്ന ഇത്തരം ഒരു ഉപഗ്രഹത്തെ ഇക്കഴിഞ്ഞ സെപ്തംബർ 13–ാം തീയതി അമേരിക്കൻ നാവികസേന ഒരു മിസ്സൈൽ പ്രയോഗിച്ച് തകർത്തുകളയുകയുണ്ടായി. സാറ്റലൈറ്റുകളെ തകർക്കാനുള്ളവയാകയാൽ ഇത്തരം മിസ്സൈലുകളെ 'ആന്റി–സാറ്റലൈറ്റ്' എന്നും, ചുരുക്കത്തിൽ 'അസാറ്റ്' എന്നും വിളിക്കുന്നു. കാലിഫോർണിയായിൽനിന്ന് പറന്നുയർന്ന എഫ്–15 എന്നതരത്തിൽപ്പെട്ട ഒരു വിമാനത്തിൽനിന്നു 35,000 അടി ഉയരത്തിൽവെച്ചാണ് ഈ 'അസാറ്റ്' വിക്ഷേപിക്കപ്പെട്ടത്. അമ്പത്താറ് ചെറിയ വാണങ്ങൾ ഈ മിസ്സൈലിനു ഊർജ്ജം നല്കി. ഉപഗ്രഹം നേർത്ത അന്തരീക്ഷവായുവിൽ ഉരസുമ്പോൾ ഉണ്ടാകുന്ന ചൂടു തേടിച്ചെല്ലുന്ന ഉപകരണങ്ങൾ അസാറ്റിൽ ഘടിപ്പിച്ചിരുന്നു. ഈ ഉപകരണങ്ങളുടെ സഹായംകൊണ്ടാണ് കുറേക്കാലംമുമ്പ് അമേരിക്കൻ വായുസേന വിക്ഷേപിച്ചിരുന്നതും, അതിവേഗത്തിൽ സ്വന്തം ഭ്രമണപഥത്തിലൂടെ പൊയ്ക്കൊണ്ടിരുന്നതുമായ ഉപഗ്രഹത്തിൽ അസാറ്റ് ചെന്ന് ഇടിച്ചത്. ഇടിയേറ്റ ഉപഗ്രഹം അനേകായിരം

കഷണങ്ങളായി ചിതറിപ്പോയി. അതു് നിരന്തരം പ്രക്ഷേപണംചെയ്തിരുന്ന ശബ്ദം നിലച്ചു. ഉപഗ്രഹത്തിന്റെയും അതിനെ തകർത്ത മിസ്സൈലിന്റെയും അവശിഷ്ടങ്ങൾ അന്തരീക്ഷത്തിൽ കുറേക്കാലം ഒഴുകിനടക്കും; പിന്നീടു്, താഴെ വായുമണ്ഡലത്തിലേക്കു പ്രവേശിക്കുമ്പോൾ, വായുവിൽ ഉരഞ്ഞുണ്ടാകുന്ന ചൂടിൽ ഇവ കത്തി നശിക്കുകയുംചെയ്യും.

അസാററ് പ്രയോഗിച്ചു് ഒരു ഉപഗ്രഹത്തെ തകർത്തതിന്റെ തലേ ആഴ്ചയിൽ അമേരിക്ക മററൊരു ആയുധപരീക്ഷണംകൂടി നടത്തുകയുണ്ടായി. ഭൂമിയിൽ അനങ്ങാതെ നില്ക്കുകയായിരുന്ന ഒരു റോക്കററിനെ, ചില രാസവസ്തുക്കളിൽ വിദ്യുച്ഛക്തി പ്രയോഗിച്ചു് ഉല്പാദിപ്പിച്ച ലേസർ രശ്മികളുടെ ഒരു പുഞ്ജം (ബീം) അകലെനിന്നു വീഴ്ത്തി കത്തിച്ചുകളഞ്ഞതായിരുന്നു ഈ പരീക്ഷണം.

ഈ പരീക്ഷണങ്ങളിലൂടെ 'നക്ഷത്രയുദ്ധ'ത്തിന്റെ പ്രായോഗികസാദ്ധ്യത അമേരിക്ക തെളിയിച്ചിരിക്കുന്നു. ഉപഗ്രഹധ്വംസനം ഇനി ആറുതവണകൂടി ആവർത്തിച്ചാൽ, അതിനു് ഉപയോഗിച്ച മിസൈലുകൾ (അസാററുകൾ) വൻതോതിൽ നിർമ്മിച്ചുതുടങ്ങാമത്രേ.

'നക്ഷത്രയുദ്ധം' എന്നാൽ ഉപഗ്രഹം തകർക്കലല്ല; ശത്രുരാജ്യത്തുനിന്നു പ്രയോഗിക്കുന്ന, അണുബോംബുകൾ ഘടിപ്പിച്ച, മിസൈലുകൾ അന്തരീക്ഷത്തിൽവെച്ചു നശിപ്പിക്കുന്നതാണു് 'നക്ഷത്രയുദ്ധം'. ഭൂമിയിൽനിന്നു്, കുത്തനെ ഉയർന്നു്, ബാഹ്യാന്തരീക്ഷത്തിൽ പ്രവേശിച്ചു്, അവിടെനിന്നു് താഴോട്ടു വീണ്ടും സഞ്ചരിച്ചാണു് ഈ മിസൈലുകൾ ഭൂമിയിലെ നിശ്ചിതലക്ഷ്യങ്ങളിൽ അണുബോംബുകൾ വിക്ഷേപിക്കുക. മിസൈലിന്റെ ഈ സഞ്ചാരത്തിനിടയിൽ, വ്യത്യസ്തങ്ങളായ മൂന്നു ഘട്ടങ്ങൾ സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ഭൂമിയിലെ വായുമണ്ഡലത്തിലൂടെ മെല്ലെ മേല്പോട്ടു് മിസൈൽ ഉയരുന്നതാണു് ആദ്യഘട്ടം. ബാഹ്യാന്തരീക്ഷത്തിലുയർന്നു് വളഞ്ഞുകുത്തി അതു താഴോട്ടു വരുന്നതു് രണ്ടാം ഘട്ടം. വമ്പിച്ച വേഗത്തിൽ വായുമണ്ഡലത്തിലൂടെ നിശ്ചിതലക്ഷ്യത്തിലേക്കു് മിസൈൽ കുതിക്കുന്നതു് മൂന്നാമത്തെ ഘട്ടമാകുന്നു. ഈ ഓരോ ഘട്ടത്തിൽ വെച്ചും മിസ്സൈലിനെ (അതു വഹിക്കുന്ന അണുബോംബുകളെയും) നശിപ്പിക്കാം. ഒന്നും രണ്ടും ഘട്ടങ്ങളിൽവെച്ചു് അവയെ നശിപ്പിക്കുകയാണു് സുരക്ഷിതം.

ഈ ഘട്ടങ്ങളിലെല്ലാംവെച്ചു് മിസ്സൈലുകളെ നശിപ്പിക്കാൻശേഷിയുള്ള 'അസാററ്' ആയുധങ്ങൾ പ്രായോഗികമായി നിലവിൽ വന്നിരിക്കുന്നു എന്നതാണു് സെപ്റ്റംബർ 13—ാം തീയതിയിലെ ഉപഗ്രഹധ്വംസനത്തിന്റെ പാഠം. ഈ അസാററ് ആയുധങ്ങൾ അന്തരീക്ഷത്തിൽ സ്ഥിരഭ്രമണപഥത്തിലുള്ള സ്പേസ് സ്റ്റേഷനുകളിൽ കരുതിവയ്ക്കാം; വേണ്ടപ്പോൾ പ്രയോഗിക്കുകയുംചെയ്യാം. അമേരിക്കയുടെയും സോവിയററ് റഷ്യയുടെയും സ്പേസ് സ്റ്റേഷനുകൾ ഇപ്പോൾത്തന്നെ ബാഹ്യാന്തരീക്ഷത്തിൽ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. നിർത്താതെ പറന്നുനടക്കുന്ന വിമാനങ്ങളിൽനിന്നും മിസ്സൈൽ വിധ്വംസനത്തിനുള്ള ആയുധങ്ങൾ (അസാററുകൾ) പ്രയോഗിക്കാം. അണുബോംബ് ഘടിപ്പിച്ച മിസ്സൈൽ മുകളിലേക്കു് അയയ്ക്കുന്നതിനുള്ള സന്നാഹങ്ങൾ ശത്രുരാജ്യങ്ങളിൽ നടന്നുവരുന്നതായി അന്തരീക്ഷത്തിലെ ഉപഗ്രഹങ്ങളിൽനിന്നു റിപ്പോർട്ട് കിട്ടിയാൽ, ഇവയെ നശിപ്പിക്കുവാൻവേണ്ടി നിലത്തുനിന്നും, കടലിന്നടിയിലെ മുങ്ങിക്കപ്പലുകളിൽനിന്നും അസാററുകൾ വിക്ഷേപിക്കാം.

അസാററുകളുടെ രൂപം, മിസ്സൈലുകളുടേതുമാതിരി പാർത്ഥിവമോ, ലേസറിന്റേതുപോലെ തൈജസമോ ആവാം. അതൊരു മിസ്സൈൽ ആണെങ്കിൽ, പ്രയോഗിച്ചുകഴിഞ്ഞാൽ ലക്ഷ്യത്തിലെത്തുന്നതിനു് കുറച്ചു സമയം എടുക്കും. ലേസർ ആണെങ്കിൽ, പ്രയോഗിച്ച സെക്കൻഡിൽ

ത്തന്നെ അതു് ലക്ഷ്യത്തിലെത്തി സംഹാരകർമ്മം നിർവഹിച്ചുകഴിഞ്ഞിരിക്കും. വെളിച്ചത്തിനു് സഞ്ചരിക്കാൻ വളരെയൊന്നും സമയം വേണ്ടല്ലോ. ത്രിപുരങ്ങളെ ദഹിപ്പിച്ച സാക്ഷാൽ പരമേശ്വരന്റെ മൂന്നാം തൃക്കണ്ണു പോലെതന്നെ ആയിരിക്കും ലേസർ അസാറ്റുകൾ.

അമേരിക്ക പരീക്ഷിച്ച അസാറ്റിനോടു കിടപിടിക്കുകയില്ലെങ്കിലും പഴഞ്ചൻ മട്ടിൽ ചില അസാറ്റ് ആയുധങ്ങൾ റഷ്യയും നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് അമേരിക്കയിൽ വിശ്വസിക്കപ്പെടുന്നതു്.

വരുന്ന നവംബർമാസത്തിൽ അമേരിക്കൻ പ്രസിഡണ്ട് റെയ്ഗനും സോവിയറ്റ് യൂണിയൻ പ്രസിഡണ്ട് ഗോർബച്ചേവും തമ്മിൽ ജനീവയിൽവെച്ച് ഒരു കൂടിക്കാഴ്ച നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഈ രണ്ടു രാഷ്ട്രങ്ങളും തമ്മിലുള്ള ആയുധപ്പന്തയത്തിന്റെ ഗതിവേഗം കുറയ്ക്കുകയാണ് പ്രസ്തുത കൂടിക്കാഴ്ചയുടെ ലക്ഷ്യം. നക്ഷത്രയുദ്ധപരിപാടി അമേരിക്ക ഉപേക്ഷിക്കാത്തപക്ഷം അണുബോംബുനിർമ്മാണം ചുരുക്കുന്നതിൽ അമേരിക്കയുമായി സോവിയറ്റ് യൂണിയൻ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുകയില്ല എന്നു് ഈയിടെ 'ടൈം' വാരികയുടെ ലേഖകനുമായി സംസാരിക്കവേ ഗോർബ്ബച്ചേവ് ഖണ്ഡിതമായി പ്രസ്താവിക്കുകയുണ്ടായി. എന്നാൽ, 'അസാറ്റ്' ആയുധങ്ങളിലൂടെ കൈവന്ന അധികബലത്തോടെ ജനീവയിൽ ഗോർബച്ചേവിനെ വരച്ച വരയിൽ നിർത്താമെന്നാണ് റെയ്ഗന്റെ കണക്കുകൂട്ടൽ. നാനൂറു കോടി ഡോളർ ചെലവുവരുന്ന നക്ഷത്രയുദ്ധ ഗവേഷണപരിപാടിയുമായി (അമേരിക്കക്കാർ ഇതിനെ സ്ട്രാറ്റജിക് ഡിഫെൻസ് ഇനീഷ്യേറ്റീവ്—ചുരുക്കത്തിൽ എസ്. ഡി. ഐ.—എന്നു വിളിക്കുന്നു) മുന്നോട്ടു പോകാൻ അസാറ്റിന്റെ വിജയം അമേരിക്കയ്ക്കു് ആവേശം നൽകിയിരിക്കുകയാണ്.

നക്ഷത്രയുദ്ധഗവേഷണം (എസ്. ഡി. ഐ.) ഇപ്പോഴും നിശ്ചിതരൂപം കൈക്കൊണ്ടുകഴിഞ്ഞിട്ടില്ല. അതിന്റെ ലക്ഷ്യം ജനങ്ങളെ അണ്വായുധാക്രമണങ്ങളിൽനിന്നു രക്ഷിക്കുകയാണോ? അതോ, ഭൂമിക്കടിയിൽ 'സീലോ' എന്നു വിളിക്കപ്പെടുന്ന സിമന്റ് ഗുഹകളിൽ ഒരുക്കിവെച്ച അണുബോംബ് ഘടിപ്പിച്ച മിസ്സൈലുകളെ രക്ഷിക്കലോ? ഇക്കാര്യംതന്നെ തീർച്ചപ്പെട്ടിട്ടില്ല. അതൊരു ഗവേഷണപരിപാടിയോ ആയുധനിർമ്മാണപരിപാടിയോ എന്നും വ്യക്തമല്ല. അമേരിക്കൻ പാർലമെന്റിന്റെ ഒരു വിഭാഗമായ ജനപ്രതിനിധിസഭ ഇക്കഴിഞ്ഞ ജൂണിൽ ഉപഗ്രഹധ്വംസനപരിപാടിയെ എതിർത്തു വോട്ടുചെയ്യുകയുണ്ടായി. പിന്നീടു് ജനപ്രതിനിധിസഭയും സെനറ്റും ചേർന്നു് ഒരു സംയുക്ത സമ്മേളനത്തിൽ ഈ എതിർപ്പ് പിൻവലിക്കപ്പെട്ടു. എങ്കിലും അമേരിക്കയിൽ നക്ഷത്രയുദ്ധപരിപാടിക്കു് എതിരായ പൊതുജനാഭിപ്രായം ശക്തിപ്പെട്ടുവരുകയാണ്.

സെപ്റ്റംബർ 13-നു് പ്രയോഗിച്ച 'അസാറ്റി'ലെ ലക്ഷ്യത്തിലേക്കു ചൂടു തേടി കുതിക്കുന്ന ഉപകരണവും അതിനെ നിയന്ത്രിക്കുന്ന കമ്പ്യൂട്ടറും വളരെ ചെറിയവ ആയിരുന്നുവത്രേ. ഇവയുടെ വലിപ്പം അഞ്ചിലൊന്നോ പത്തിലൊന്നോ ആയി ഇനിയും കുറയ്ക്കാൻ കഴിഞ്ഞേക്കും. അപ്പോൾ അന്തരീക്ഷത്തിലെ സ്പേസ്‌സ്റ്റേഷനുകളിൽ കൂടുതൽ എണ്ണം അസാറ്റുകൾ ശേഖരിച്ചുവെക്കുക സാധ്യമാവും. ആവശ്യമുള്ളപ്പോൾ ഭൂമിയിൽ ഇരുന്നുകൊണ്ടുതന്നെ, ഇവയെ തുറന്നുവിട്ടു് നിശ്ചിതലക്ഷ്യങ്ങൾ നശിപ്പിക്കുകയും ആവാം. ഇരുചെവി അറിയാതെ ഈ വിധ്വംസനകൃത്യം നടത്താം. അണ്വായുധങ്ങൾ ഘടിപ്പിച്ച മിസ്സൈലുകൾ മാത്രമല്ല, അന്തരീക്ഷത്തിലെ സ്പേസ് സ്റ്റേഷനുകളും വാർത്താവിനിമയ-കാലാവസ്ഥാ നിരീക്ഷണ-ചാരപ്രവർത്തനസംവിധാനങ്ങളും ഇഷ്ടംപോലെ തൂത്തുമാറ്റിക്കളയാം. ആരും അറിയുകയില്ല, അതെങ്ങനെ സംഭവിച്ചു എന്നു്.

അതിനാൽ, രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിൽ നടത്തുന്ന സന്ധികൾകൊണ്ടൊന്നും അന്തരീക്ഷത്തിലെ താന്തോന്നിത്തം തടയുക സാധ്യമായേക്കുകയില്ല. അമേരിക്കയുടെ ഉപഗ്രഹങ്ങളധികവും അന്തരീക്ഷത്തിൽ വളരെ വളരെ ഉയരത്തിലാണ് സഞ്ചരിക്കുന്നത്. ഇത്രയും ഉയരത്തിൽ കടന്നുചെന്ന് വിധ്വംസനപ്രവൃത്തികൾ നടത്താൻ ആവശ്യമായത്ര അസാറ്റുകൾ ഇപ്പോൾ റഷ്യയുടെയോ അമേരിക്കയുടെയോ കൈവശമില്ല. എങ്കിലും, ഏതാനും വഷ്ങ്ങൾക്കിടയിൽ ഈ കുറവു നികത്തപ്പെടുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അമേരിക്കൻ അസാറ്റുകളും റഷ്യൻ അസാറ്റുകളും തമ്മിലുള്ള താരതമ്യപഠനങ്ങൾ അമേരിക്കൻ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. റഷ്യൻ അസാറ്റുകൾ നിലത്തുനിന്നാണ് അയയ്ക്കുന്നത്. അവയ്ക്കു പ്രത്യേക ലോഞ്ചിങ് പാഡുകൾ വേണം. സെപ്റ്റംബർ 13–ലെ അമേരിക്കൻ അസാറ്റ് വിമാനത്തിൽനിന്നാണ് വിട്ടയച്ചത്.. ഒരേസമയം കൂടുതൽ അസാറ്റുകൾ അന്തരീക്ഷത്തിലെത്തിക്കാൻ അമേരിക്കയ്ക്കു കഴിവുണ്ട്. പക്ഷേ, കൂടുതൽ ഉയരത്തിലെത്തി ശത്രുസംഹാരം നടത്താനുള്ള ശേഷി റഷ്യൻ അസാറ്റുകൾക്കാണത്രേ.

ഏതായാലും, അസാറ്റുകളുടെ കാലഘട്ടം ആരംഭിച്ചിട്ടേ ഉള്ളൂ. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ഇവയ്ക്ക് ഉണ്ടായേക്കാവുന്ന രൂപപരിണാമങ്ങളും വിധ്വംസനമൂല്യവും ഇന്ന് ഊഹിക്കാൻകൂടി പ്രയാസമാണ്. അന്തരീക്ഷത്തിൽ ഒഴുകിനടക്കുന്ന സ്പേസ് സ്റ്റേഷനുകളിൽനിന്ന് പ്രയോഗിക്കാവുന്ന, ഉഗ്രശക്തിയുള്ള, ലേസർ രശ്മിപുഞ്ജങ്ങളുടെ രൂപത്തിലുള്ള അസാറ്റുകളാണ് അമേരിക്ക മുഖ്യമായും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അമേരിക്കൻ പത്രങ്ങൾ പറയുന്നു. റഷ്യയുടെ നീക്കവും ഇതേവഴിക്കാണെന്ന് അമേരിക്കൻ രാജ്യരക്ഷാവിഭാഗം പ്രസ്താവിച്ചിട്ടുണ്ട്.

'ഈ പരിശ്രമങ്ങൾ ഇളവില്ലാതെ തുടർന്നാൽ ഇന്നത്തെ ആയുധവ്യൂഹങ്ങളെ വെറും കളിപ്പാട്ടങ്ങളുടെ നിലയിലേക്കു താഴ്ത്തുന്ന അസാറ്റുകളുടെ ഒരു വ്യൂഹം പ്രവർത്തനക്ഷമമായി താമസിയാതെ സ്ഥാപിക്കപ്പെടുമെന്ന് നമുക്കു പ്രതീക്ഷിക്കാം. അമേരിക്കൻ രാജ്യരക്ഷയുടെ കണ്ണും കാതും ശബ്ദവുമായ സൈനികോപഗ്രഹങ്ങളെല്ലാം ഇതുമൂലം അപകടത്തിലാവും. ഇതിൻഫലമായി റഷ്യയ്ക്കും അമേരിക്കയ്ക്കുമിടയിൽ ഇന്നു നിലവിലുള്ള ദുർബലമായ ഭീകരതാസന്തുലനം (ബാലൻസ് ഓഫ് ടെറർ) കുറേക്കൂടി സന്ദിഗ്ധമായിത്തീരും' എന്ന് പ്രസിദ്ധ അമേരിക്കൻ പത്രമായ ക്രിസ്ത്യൻ സയൻസ് മോണിറ്റർ എഴുതിയിരിക്കുന്നു.

വലിയ തോതിൽ പണം ചെലവഴിച്ചു നടത്തുന്ന അമേരിക്കയുടെ നക്ഷത്രയുദ്ധഗവേഷണപരിപാടി യൂറോപ്പിലെ ശാസ്ത്രജ്ഞന്മാരെ മുഴുവൻ അമേരിക്കയിലേക്ക് ആകർഷിച്ചേക്കുമോ എന്ന ഭയം യൂറോപ്പിൽ പരക്കെയുണ്ട്. ഇതു് സംഭവിക്കുകയാണെങ്കിൽ, ആധുനികശാസ്ത്രരംഗത്തു് ഇപ്പോൾത്തന്നെ അമേരിക്കയുടെയും ജപ്പാന്റെയും പിന്നിൽ ആയിപ്പോയ യൂറോപ്പ് ഇനിയുമേറെ പുറകിലേക്കു നീങ്ങിനിൽക്കേണ്ടിവരും. ഈ ദുർവിധി തടയുന്നതിനായി 'യൂരേക്ക' എന്ന പേരിൽ ഒരു അന്തരീക്ഷയുദ്ധഗവേഷണപരിപാടി യൂറോപ്യൻ രാജ്യങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കണമെന്ന് ഫ്രാൻസ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വേണ്ട പണം എങ്ങനെ, ആർ, ഉണ്ടാക്കുമെന്ന് ഇനിയും തീർച്ചയായിട്ടില്ല.

അന്താരാഷ്ട്രീയ സംഘർഷം ഏറുകയാണ്, കുറയുകയല്ല!

16–9–1985